ഡോക്ടർമാരുണ്ട്; വിശദാംശം വ്യക്തമാക്കുമോ; ഇത്തരത്തിലുള്ള ഡോക്ടർമാർ ഉപരിപഠനത്തിനുശേഷം വിദേശത്ത് സേവനത്തിനുപോകുന്നതു തടയാൻ നിയമനിർമ്മാണം നടത്തുമോ?

ഉത്തരം

(എ)&(ബി) നിവേദനം പരിശോധിച്ചു വരികയാണ്.

(സി)-(ഇ) അലോപ്പതി ഡോക്ടർമാർ പി.എസ്.സി. നിയമനകാര്യങ്ങളിൽ ഷോർട്ടേജ് കാറ്റഗറിയാണെന്ന് സർക്കാർ കരുതുന്നില്ല. ഡോക്ടർ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാലാണ് ഇടക്കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരുടെ നിയമനം നടത്തേണ്ടി വന്നത്. എന്നാൽ ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ ലക്ചറർ തസ്തികകളുടെ എണ്ണവും ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജൻ തസ്തികകളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുണ്ട്. അക്കാരണത്താൽ തന്നെ താരതമ്യത്തിന് പ്രസക്തിയില്ല.

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും രണ്ടു ഡോക്ടർമാരുണ്ട്.

(1) ഡോ: സി. ഹരികുമാർ, ലക്ചറർ ഇൻ പീഡിയാട്രിക്സ്, എം.സി.എച്ച്. തിരുവനന്തപുരം.

(2) ഡോ: സി.ഒ. അബ്ദുള്ള, ലക്ചറർ ഇൻ പീഡിയാട്രിക്സ്, മെഡിക്കൽ കോളേജ് കോഴിക്കോട്.

ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

167 (1771) ടൈഫോയിഡ് ബാധ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ കൊച്ചി പ്രദേശത്ത് ടൈഫോയിഡ് രോഗം ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ;

(ബി) ഈ രോഗം അവിടെ പടർന്നുപിടിക്കാനുള്ള കാരണമെന്താണ്;

(സി) രോഗം തടയുന്നതിനും വരാതിരിക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികൾ എടുത്തു;

(ഡി) ഇവിടെ എത്രപേർക്ക് രോഗം പിടിപെട്ടു;

(ഇ) എത്രകാലം ഈ രോഗം നീണ്ടുനിന്നു?

ഉത്തരം

(എ) 1999 ആഗസ്റ്റ് മാസം മൂന്നാമത്തെ ആഴ്ച മുതൽ. എന്നാൽ ഒറ്റപ്പെട്ട ചില കേസ്സുകൾ ജൂലൈ മാസത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.

(ബി) പരിസര ശുചിത്വമില്ലായ്മവഴി മലിനമായ കുടിവെള്ളം ഉപയോഗിച്ചതിലൂടെയാണ് ഈ രോഗം പടരാൻ ഇടയായത്.

(സി) എറണാകുളം ഗവൺമെന്റ് ഹോസ്പിറ്റൽ കുറുവിലപ്പടിയിലെ ആർ.എം.ഒയുടെ നേതൃത്വത്തിൽ രണ്ട് ഡോക്ടർമാരും ടെക്നിക്കൽ അസി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റന്റും ഉൾപ്പെടെ 31.8.99-ൽ സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, നോട്ടീസ് വിതരണം, മൈക്ക് പബ്ലിസിറ്റി, ആവശ്യമായ മരുന്ന് വിതരണം എന്നിവ നടത്തുകയുണ്ടായി. 11525 ഡോസ് ടെട്രാസൈക്ലിൻ ഗുളികളും 1900 വയറൽ ഇൻജക്ഷൻ മരുന്നുകളും നൽകുകയുണ്ടായി. കൂടാതെ ജലസേചനവകുപ്പുമായി ബന്ധപ്പെട്ട ശുദ്ധജലവിതരണത്തിനുള്ള നടപടിയും സ്വീകരിച്ചു. ചോർച്ചയുള്ള വാട്ടർ പൈപ്പുകൾ മാറ്റുന്നതിന് നടപടി എടുക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. രോഗം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ലഘുലേഖകൾ വിതരണം ചെയ്തു. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ഭവന സന്ദർശനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. രോഗികളുമായി സമ്പർക്കമുള്ളവർക്ക് പ്രതിരോധ വാക്സിൻ നൽകി.

(ഡി) 480 പേർക്ക്.

(ഇ) 1999 സെപ്റ്റംബർ അവസാനത്തോടെ രോഗം നിയന്ത്രണ വിധേയമായി.

168 (1772) മഞ്ചേരിയിലെ സ്കൂൾ ഓഫ് നഴ്സിംഗ്

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ സ്കൂൾ ഓഫ് നഴ്സിംഗ് എന്ന സ്ഥാപനത്തിൽ ഇപ്പോൾ ഏതെല്ലാം ബാച്ചുകളിൽ എത്ര വിദ്യാർത്ഥികളുണ്ട്;

(ബി) ഈ സ്ഥാപനത്തിൽ എത്ര വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അടിസ്ഥാനസൗകര്യങ്ങളാണ് ഉള്ളത്;

(സി) പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ പി.എച്ച്.എൻ ട്യൂട്ടർ എന്നീ തസ്തികകൾ ഉണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സ്കൂൾ ഓഫ് നഴ്സിംഗനു വേണ്ടി ഇക്കൊല്ലം എന്തുതുക അനുവദിച്ചിട്ടുണ്ട്;

(ഇ) ഇല്ലെങ്കിൽ ചെലവുകൾ എപ്രകാരം നടത്തുന്നു;

(എഫ്) സ്കൂളിന്റെ അംഗീകാരത്തിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ജി) ഹോസ്റ്റൽ കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് ബാച്ചുകളിലായി 77 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) 80 പേർക്ക് താമസിക്കാനുള്ള സൗകര്യം ഉണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ കുറെഭാഗം ഫാമിലി വെൽഫെയർ മെഡിക്കൽ സ്റ്റോർ ആയി പ്രവർത്തിക്കുന്നതുമൂലം മുഴുവൻ കുട്ടികൾക്കും താമസത്തിന് അസൗകര്യം ഉണ്ട്. ഇത് പരിഹരിക്കുന്നതിന് ജില്ലാ ആശുപത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly